LIBRARY ARCHIVES Kerala Legislative Assembly

ഈ സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതികൾ

10 (16) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തെ മൊത്തം സംസ്ഥാന പദ്ധതി അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കുമോ ; ഇതുവരെയുള്ള പദ്ധതി ചെലവ് എത്രയെന്നും വ്യക്തമാക്കാമോ ;

(ബി) ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്നും ഇവയിലോരൊന്നിനും എത്ര തുക വീതമാണ് ലഭിച്ച തെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്നതും വിശദമാക്കുമോ ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും ലഭിച്ച തുകയിൽ ഏതെങ്കിലും തുക ലാപ്സായിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 10025 കോടി രൂപ, 30-11-2010 വരെ.

3708.79 കോടി രൂപ.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) തുക ലാപ്സായിട്ടില്ല.

ബഡ്ജറ്റിൽ വകയിരുത്തിയത്	-	635.97 കോടി രൂപ.
ചെലവഴിച്ചത്	-	718.83 കോടി രൂപ. (താൽക്കാലിക കണക്ക്)
%	-	113

(ബഡ്ജറ്റിൽ വകയിരുത്തിയതിനേക്കാൾ അധികം തുക കേന്ദ്രത്തിൽ നിന്നും ലഭിച്ചതിനാൽ അധികം തുക ചെലവഴിച്ചു.)

വാർഷിക പദ്ധതിയുടെ വകുപ്പുതല അവലോകനം

11 (17) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ സാമ്പത്തിക വർഷം അവസാനിക്കുമ്പോഴും വാർഷിക പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് മന്ത്രിമാർ വകുപ്പുതല അവലോകനം നടത്തുന്നതിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) കഴിഞ്ഞ വർഷങ്ങളിൽ ഇത്തരത്തിൽ വകുപ്പുതല അവലോകനം നടത്തുന്നതിൽ മന്ത്രിമാർ വീഴ്ച വരുത്തിയതായുള്ള ആസൂത്രണ ബോർഡിന്റെ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഈ വർഷം ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) യഥാസമയം പദ്ധതി ചെലവുകളുടെ വകുപ്പുതല അവലോകനം നടത്താതിരുന്നതിന്റെ പേരിൽ കഴിഞ്ഞ സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ വൻതുക പാഴായി എന്ന വസ്തുത കണക്കിലെടുത്ത് ഇത് പരിഹരിക്കാൻ ഈ വർഷം എന്തൊക്കെ നടപടികൾക്കാണ് നിർദ്ദേശം നൽകിയിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇങ്ങനെയൊരു വിലയിരുത്തൽ ആസൂത്രണ ബോർഡ് നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കഴിഞ്ഞ സാമ്പത്തികവർഷം സംസ്ഥാന പദ്ധതി അടങ്കലിന്റെ 87 ശതമാനവും കേന്ദ്രാവിഷ്കൃത പദ്ധതികൾ അടക്കമുള്ള പദ്ധതി ചെലവിന്റെ 90 ശതമാനവും ചെലവഴിക്കപ്പെട്ട സാഹചര്യത്തിൽ ചോദ്യം ഉദിക്കുന്നില്ല.

2006-07 മുതൽ 2010-11 വരെയുള്ള പദ്ധതി തുക

12 (18) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-07 മുതൽ 2010-11 വരെ ഓരോ വർഷവും ഉള്ള പ്ലാൻ ഫണ്ട് അലോക്കേഷൻ എത്രയാണ് ; ഈ വർഷങ്ങളിൽ അഡീഷണൽ അലോക്കേഷൻ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(ബി) ഇതിൽ ഓരോ വർഷവും എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ട് ; അത് എത്ര ശതമാനം ; ഫിസിക്കൽ അച്ചീവ്മെന്റ് എത്ര ശതമാനം ;

(സി) ഈ കാലയളവിൽ കേന്ദ്ര പദ്ധതികൾക്ക് അധിക സഹായ മുൾപ്പെടെ പ്രതിവർഷം ലഭിച്ച തുകയെത്ര ; അതിൽ ചെലവഴിച്ചതെത്ര ; എത്ര ശതമാനം നേട്ടമുണ്ടാക്കാനായി എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) (തുക രൂപ കോടയിൽ)

വർഷം	അലോക്കേഷൻ
2006-07	6210.00
2007-08	6950.00
2008-09	7700.47
2009-10	8920.00
2010-11	10025.00

ഈ വർഷങ്ങളിൽ അഡീഷണൽ അലോക്കേഷൻ ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly